(ഇ) സഹകരണ മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് വേണ്ടി ആശ്വാസ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടില്ല.

അത്താണി സിൽക്ക് പൊതുമേഖലാസ്ഥാപനത്തിൽ ശമ്പള പരിഷ്കരണം

198 (6649) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ അത്താണി സിൽക്ക് (SILK) പൊതുമേഖലാ സ്ഥാപനത്തിൽ ഓഫീസർ കേഡറിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം പരിഷ്കരിച്ചു നൽകിയത് 14 വർഷത്തിനുള്ളിൽ ഒരുതവണ മാത്രമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടത്തെ പല ഓഫീസർമാരുടേയും ശമ്പളം താഴെക്കിടയിലുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളത്തേക്കാൾ കുറവാണ് എന്നത് കണക്കിലെടുത്ത് ഓഫീസർ തസ്തികയിലുള്ളവരുടെ ശമ്പളം കാലാനുസൃതമായി പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5-7-2013-ലെ ജി.ഒ.(എം)എസ്.) 74/13/ID നമ്പർ ഉത്തരവ് പ്രകാരം സിൽക്കിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനുശേഷം ചില ഓഫീസർമാരുടെ ശമ്പളം താഴേക്കിടയിലുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പള ത്തേക്കാൾ കുറവാണ് എന്ന സ്ഥിതി മാറിയിട്ടുണ്ട്.

(സി) ബാധകമല്ല.

നാട്ടിക-പൊവ്വൂർ പ്രദേശത്ത് വ്യവസായ എസ്റ്റേറ്റ്

199 (6650) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ പൊവ്വൂർ പ്രദേശത്ത് ഹർണിച്ചർ-കൊത്തു പണി തൊഴിൽ മേഖല കേന്ദ്രീകരിച്ച് ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇതുമായി ബന്ധപ്പെട്ട ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ജില്ലാ വ്യവസായ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ;

(ബി) പൊതുകിട വ്യവസായ യൂണിറ്റുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് ചെയ്തുകൊടുക്കുന്നത് ; വിശദമാക്കുമോ ;

(സി) പൊവ്വൂർ പ്രദേശത്തെ മരപ്പണിക്കാരെ ഏകോപിപ്പിച്ച് പൊതുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുവാൻ മുൻകയ്യെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശൂർ ജില്ലയിൽ ചൊവ്വൂർ പ്രദേശത്തെ പരമ്പരാഗത ഹർണിച്ചർ തൊഴിൽ മേഖലയിലെ യൂണിറ്റുകൾ ചേർന്ന് ക്ലസ്റ്റർ വികസന പദ്ധതിയിൽ കൺസോർഷ്യം രൂപീകരിച്ച് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അഞ്ച് ഏക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കുകയാണെങ്കിൽ സിഡ്കോയുടെ ആഭിമുഖ്യത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) താഴെപ്പറയുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകൾക്കുവേണ്ടി ചെയ്തുകൊടുക്കുന്നു :

- ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടിയായി സ്ഥാപനങ്ങൾക്ക് Entrepreneurs Memorandum Part-I ഫയൽ ചെയ്തു കൊടുക്കുന്നു.
- സ്ഥാപനം ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം/കെട്ടിടം എന്നിവ അനുവദിച്ച് നൽകുന്നു.
- സംരംഭം ആരംഭിക്കുന്നതിന് ബോധവൽക്കരണ ക്യാമ്പുകളും, ഹ്രസ്വകാല പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു.
- സംരംഭം പ്രവർത്തിപ്പിക്കുന്നതിന്വേണ്ടി വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ടതായ നിരാക്ഷേപപത്രങ്ങൾ, അനുമതികൾ എന്നിവ സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സൗകര്യം ഏകജാലക ക്ലിയറൻസ് ബോർഡ്വഴി നൽകുന്നു.
- ടി.എച്ച്.ആർ. ബാങ്കുകൾക്ക് നൽകി വായ്പ ലഭിക്കുന്നതിനുള്ള സഹായം ചെയ്തു കൊടുക്കുന്നു.
- സംരംഭങ്ങളുടെ സവിശേഷ മൂലധനനിക്ഷേപത്തിന് ആനുപാതികമായി സംരംഭക സഹായപദ്ധതി പ്രകാരം സബ്സിഡി നൽകുന്നു.
- എക്സിബിഷൻ, ട്രെയ്ഡ് ഫെയർ എന്നിവ സംഘടിപ്പിച്ച് സ്ഥാപനങ്ങളുടെ ഉല്പന്ന വിപണനത്തിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നു.
- പ്രവർത്തനം ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് Entrepreneurs Memorandum Part-II ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നു.
- സംരംഭങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഗൈഡൻസ് സെൽ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊറ്റൂർ പ്രദേശത്തെ ഇരുപത്തിയഞ്ചോളം യൂണിറ്റുകളെ യോജിപ്പിച്ച് ഒരു ക്ലസ്റ്റർ വിഭാവനം ചെയ്തിട്ടുണ്ട്. ഈ സ്ഥലത്ത് ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ച ശേഷം ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

കുറ്റ്യാടി നാളികേര പാർക്ക്

200 (6651) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന്റെ സ്ഥലമെടുപ്പ് നടപടികളിൽ പൂർത്തിയാക്കുവാൻ ബാക്കിയുള്ളത് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിനുള്ള സ്ഥലമെടുപ്പിൽ തണ്ടപ്പേർ നടപടികൾ മാത്രം പൂർത്തിയാക്കിയിട്ടില്ല.

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി 115 ഏക്കർ ഭൂമി ഏറ്റെടുക്കുകയും ഇതുവരെ 4.78 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

കൊട്ടാരക്കര താലൂക്കിൽ ഖനനാനുമതിയുള്ള പാറമടകൾ

201 (6652) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ ഖനനാനുമതി ഉള്ള പാറമടകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പെർമിറ്റിനു വിരുദ്ധമായി പ്രവർത്തനം നടത്തിയ പാറമടകൾക്ക് എതിരെ മൈനിംഗ്&ജിയോളജി വകുപ്പ് എടുത്ത നടപടികൾ വിശദമാക്കുമോ ;

(സി) നടപടികളുടെ ഭാഗമായി എത്ര തുക പിഴശിക്ഷയായി ഈടാക്കിയിട്ടുണ്ട് ; ഏതെല്ലാം കമ്പനികൾക്കെതിരെ നടപടി എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര താലൂക്കിൽ ഖനനാനുമതിയുള്ള 100 പാറമടകൾ ഉണ്ട്. പെർമിറ്റ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly